ടുക്കുന്നതിന്നു് വിരോധമില്ല. അതുകൊണ്ടാണു് തിരുനാൾ അനുഗ്രഹം ബ്രാഞ്ച അഞ്ചൽമാസ്റ്റർമാരെ ബാധിക്കാത്തതു്.

(d) മെയിൽ അഴീക്കോട അഞ്ചലാപ്പീസിൽ എത്തുന്നതു ഫൈൽ മണിക്കും അവിടെ നിന്നയക്കുന്നതു് ർ മണിക്കുമാണു്. വരവ സമയത്തിന്നു് മുമ്പും പിമ്പും ഓരോ മണിക്കൂറും അയപ്പു സമയത്തിന്നു ഒരു മണിക്കൂർ മുമ്പും അഞ്ചൽമാസ്റ്റർ അവിടെ ഹാജരായിരിക്കേണ്ടതാണു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അഞ്ചൽ മാസ്റ്റർക്കു മുന്നമണിക്കൂർ മാത്രമെ ജോലിയുള്ളു. മറ്റു സമയത്തു അടിയന്തിരമായി വല്ല എഴുത്തോ മറ്റൊ അയക്കേണ്ടിവന്നാൽ ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടായിരിക്കയില്ലെ?

രാമവർമ്മ തമ്പുരാൻ.—സകല ആപ്പീസ്സുകളും ഫ മണി മുതൽ ഇ മണി വരെയാണു്. അവിടെയും അടിയന്തിരമായ കാര്യങ്ങൾ വരുമ്പോൾ ഈ question apply ചെയ്യും. ഒരു സമയക്ലിപ്തം വെച്ചിട്ടുണ്ടു. ജോലികളൊക്കെ ചെയ്യുകയും വേണം.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—മാസ്റ്റർക്കു സ്ഥലത്തു തൊട്ടതന്നെ താമസത്തിന്ന എളുപ്പാടു ചെയ്തു കൊടുത്താൽ വലിയ അസൌകര്യമുണ്ടാകയില്ലല്ലൊ.

രാമവർമ്മ തമ്പുരാൻ.—സാധാരണ ഒരു വില്ലേജ് അഞ്ചൽ മാസ്റ്റർക്കു quarters കൊടുക്കാറില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—Quarters വേണ്ട. ശമ്പളം കൂട്ടിവെച്ചാൽ ജോലിയും കൂട്ടി വെക്കാം.

രാമവർമ്മ തമ്പുരാൻ.—മുഴുവൻ ജോലിയില്ലാതെ തരമില്ല.

Construction of a bridge near Mathilakam.

74. മിസ്റ്റർ എ.കെ.കുഞ്ഞുമൊയ്തീൻ.—മതിലകത്തിനടുത്തു ഒരു പാലം പണിയേണ്ടതിനെ സംബന്ധിച്ചു് ഗവർമ്മെണ്ടും മലബാർ ഡിസ്ട്രിക്ട ബോർഡും തമ്മിൽ നടത്തീട്ടുള്ള എഴുത്തുകുത്തുകൾ മേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമൊ?

മിസ്റ്റർ എം. ഡി. നാരായണ അയ്യർ.—മലബാർ ഡിസ്ട്രിക്ട ബോർഡായി യാതൊരു എഴുത്തുകുത്തും നടത്തീട്ടില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—മലബാർ ഡിസ്ട്രിക്ട ബോർഡായി യാതൊരു എഴുത്തുകുത്തും നടത്തിട്ടില്ല. മറ്റു വല്ലവരുമായി നടത്തീട്ടുണ്ടൊ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—അറിയില്ല.

പ്രസിഡെണ്ടു്.—I shall say. ഉണ്ടു്. നടത്തുന്നുണ്ടു്.

മിസ്റ്റർ. എ. കെ. കുഞ്ഞുമൊയ്തീൻ.—ഇപ്പോൾ ആ കാര്യം എങ്ങിനെയിരിക്കുന്നു?

പ്രസിഡെണ്ടു.—മെറൽ റോഡ ബ്രിട്ടീഷ ഭാഗത്തെക്കു വന്നിട്ടില്ല. അതു വന്നാൽ ഈ കാര്യം നോക്കാമെന്നാണ അവർ പറയുന്നതു.

LIBRARY ARCHIVES Kerala Legislative Assembly